# കാർബൺ കോപ്പി

ആൻസി ജോൺ



കാർബൺ കോപ്പി
Ancy John
(Malayalam: Memoir)

© 2020, Ancy John
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Market-Place in Normandy, a painting by Théodore Rousseau (1812–1867). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കാർബൺ കോപ്പി



കുറച്ച വർഷങ്ങൾക്കു മുൻപാണ്... ബാംഗ്ലൂർ ബസിൽ നിന്ന് ഇറങ്ങുമ്പോഴേ നടവയൽ ബസ് കണ്ടിരുന്നു, ഓടിപ്പോയി കേറി. സീറ്റ് ഒന്നും കാലി ഇല്ല. പ്രൈവറ്റ് ബസ് ആണ്.... പ്രത്യേകിച്ച പറയേണ്ടല്ലോ... നല്ല സ്പീഡാണ്. മുകളിലെ കമ്പി ഇത്തിരി അധികം ഉയരത്തിലാണ്. ഒരുപാട്ട് കഷ്ടപ്പെട്ടാണ് കൈ എത്തിച്ച പിടിച്ച നിക്കണേത്... ഓരോ വളവു തിരിയുമ്പോഴും ഞാനും ആകെ ഒന്ന വട്ടം കറങ്ങും... ബീനാച്ചി വളവ് തിരിയലും എന്റെ തോളിൽ കിടന്ന ബാഗ് ദൂരേക്ക് തെറിച്ച വീണു... കൂടെ ഞാനും വീഴാൻ പോയെങ്കിലും അടുത്ത് നിന്ന ചേച്ചി ചാടിപ്പിടിച്ച രക്ഷപെടുത്തി.

എന്റെ ബുദ്ധിമുട്ട കണ്ടിട്ട് തൊട്ടു പുറകിലിരുന്ന സീറ്റിലെ പെങ്കൊച്ച് എഴുന്നേറ്റു... "ഇവിടെ ഇരുന്നോ, ഞാൻ അടുത്ത സ്റ്റോപ്പിൽ ഇറങ്ങും". നന്ദി പറയുന്നത് ഒത്തിരി സ്നേഹത്തോടെ പുഞ്ചിരിയിൽ ഒതുക്കി.

പക്ഷെ എന്നെ പിടിച്ച രക്ഷപെടുത്തിയ ചേച്ചി... എന്നെക്കാളും ഒരുപാട്ട് പ്രായം കാണും. തലയൊക്കെ കുറെ നരച്ചിട്ടുണ്ട്. അവരെ ഒന്ന് നോക്കി...

"കൊച്ചിരുന്നോ... ഞാൻ വീഴത്തൊന്നുമില്ല... എനിക്കിതൊക്കെ പ്രാക്ടീസാ..." നല്ലൊരു ചിരിയും.

ബാഗൊക്കെ എടുത്തു സീറ്റിൽ ഇരുന്നു.

പ്രായം ചെന്ന ഒരു മുസ്ലിം സ്ത്രീ ആണ് അടുത്തിരിക്കുന്നത്. ചെറിയൊരു മയക്കത്തിലാണ് പുള്ളിക്കാരി. പഴയ രീതിയിലുള്ള പൂക്കളുള്ള കളർ മുണ്ടും കൈ നീളമുള്ള കട്ടം നീല ബ്ലൗസ്സും ആണ് വേഷം. വീതിയുള്ളവെള്ളിയുടെ അരപ്പട്ട വെളിയിൽ കാണാം. ചെവിയിൽ നിറയെ തുളകൾ, എല്ലാറ്റിലും ഇല്ലങ്കിലും ചിലതിലൊക്കെ ഓരോരോ ചെറിയ ചെറിയ കമ്മലുകൾ. കഴുത്തിലും കുറച്ച വീതിയുള്ള മാലയുണ്ട്. വെയിലൊക്കെ കൊണ്ട് ആകപ്പാടെ കരിവാളിച്ച മുഖം. വായിൽ നിറയെ മുറുക്കാൻ ആണ്, ചുണ്ടിന്റെ ഒരു കോണിൽ നിന്ന് ഇത്തിരി വെളിയിലേക്ക് ഒലിച്ച വന്നിട്ടുണ്ട്.

രണ്ടു പേർക്ക് കഷ്ടിച്ചിരിക്കാൻ ഉള്ള വീതിയേ സീറ്റിനുള്ളൂ. അവർക്കാണെങ്കിൽ ഒരുവിധം നല്ല തടിയും ഉണ്ട്. തന്നെയുമല്ലാ, അവരുടെ അലസമായ ഇരുപ്പ സീറ്റിന്റെ ഭൂരിഭാഗം കയ്യടക്കി എന്നും പറയാം. മുൻപിരുന്ന പെങ്കൊച്ച തീരെ മെലിഞ്ഞിട്ടാരുന്നു. വളരെ ശ്രദ്ധിച്ച അവരെ മുട്ടാതെ ഇരിക്കാൻ നോക്കി. പക്ഷെ അടുത്ത വളവ് തിരിഞ്ഞതും... അവരുടെ തല വന്ന എന്റെ തലക്കിട്ടൊരിടി... നല്ലോണം വേദനിച്ചു. പക്ഷെ അവരിതൊന്നും അറിയുന്നില്ല... വീണ്ടും പഴയ പടി ഉറക്കം.

കഴിഞ്ഞ ദിവസം പെയ്ത മഴയുടെ തണുപ്പ വിട്ടുപോയിട്ടില്ല. വയനാടൻ മഴയുടെ പ്രത്യേകതയാണത്. ഒരു കുഞ്ഞുമഴ മതി, അടുത്ത രണ്ടു മൂന്ന ദിവസങ്ങളിലും ചൂടിന ശമനമുണ്ടാകും. ആ ഊഷ്മളമായ കാലാവസ്ഥയിൽ ചെറിയ ദൂരത്തിലേക്കുള്ള യാത്രയാണെങ്കിലും അറിയാതെ ഉറങ്ങിപ്പോകും. ഉമ്മയുടെ നിഷ്കളങ്കമായ ഉറക്കം കണ്ടപ്പോൾ ഇത്തിരി അസൂയ തോന്നാതിരുന്നില്ല. ഈ ലോകത്തിലുള്ളതൊന്നും എന്നെ ബാധിക്കില്ലാ എന്നു പറയാതെ പറയുന്നു. തിരക്കുകളുടെ ലോകത്തിൽ നിന്നും ഇവിടേക്ക് വരുമ്പോൾ വല്ലാത്തൊരു ശാന്തതയാണ് മനസ്സിൽ. പഴയ കാഴ്ചകൾക്കും ഓർമ്മകൾക്കും തെളിമ വരും. കടന്നു പോകുന്ന വഴിയിൽ ചുരുക്കം ചില മാറ്റങ്ങൾ ഒഴിച്ചാൽ ബാക്കിയെല്ലാം പരിചിതമായ കെട്ടിടങ്ങളും മരങ്ങളും. മാസങ്ങൾക്കു ശേഷമാവും വീണ്ടും ഇങ്ങോട്ടു വരുന്നതെങ്കിലും ചില കുമ്മട്ടിക്കടകളിൽ ഇരിക്കുന്നവർ അവിടെ നിന്നു എണീറ്റു പോയിട്ടില്ലാ എന്നാവും നമുക്ക് തോന്നുക. കഴിഞ്ഞ പ്രാവശ്യം കണ്ടപ്പോൾ ഇട്ടിരുന്ന അതേ വേഷവും, നിവർത്തിപ്പിടിച്ച പത്രവും, പാതി കുടിച്ച ചായയും എല്ലാം അതുപോലെ തന്നെയുണ്ടാവും. പിന്നെ വെടിവട്ടം പറഞ്ഞിരിക്കുന്ന സ്ഥിരം ആളുകളും. പട്ടണത്തിന്റെ കാര്യത്തിൽ അങ്ങനല്ലല്ലോ... ഇന്നലെ കണ്ടവ ഇന്ന് കാണണം എന്നില്ല... നമ്മുടെ മനസ്സുപോലാണ്, നിമിഷം പ്രതി മാറിക്കൊണ്ടിരിക്കും.

"സി... സി... ആരേലും ഇറങ്ങാനുണ്ടോ..." കണ്ടക്ടർ ആണ്... ഉച്ചത്തിൽ ഒരു വിസിലും.

"ങേ... കേണിച്ചിറ എത്തിയോ...?" എന്റടുത്തിരുന്ന ഉമ്മ കണ്ണു തുറന്നു ഉറക്കെ ചോദിച്ചു. ഞാൻ മെല്ലെ പറഞ്ഞു, "ഇല്ലാ, സി സി എത്തിയതെ ഉള്ളൂ"

ഉം... ചെറുതായൊരു മൂളൽ. പിന്നെ തല വെളിയിലേക്കിട്ടു നീട്ടിയൊരു തുപ്പൽ. കാറ്റത്ത് പാറി വന്ന തുപ്പൽ പുറകിലിരിക്കുന്ന സ്ത്രീയുടെ വെളുത്ത സാരിയിലും വീണു... അവരുടെ വക നല്ല ചീത്ത വിളി. ഉമ്മ എന്നെയൊന്നു നോക്കി കണ്ണടച്ചു കാണിച്ചു, പിന്നെ ആ സ്ത്രീ കേൾക്കാൻ പാകത്തിലാണ് പറഞ്ഞത്, 'ബെല്ലാത്ത കാറ്റ്... ല്ലേ... ന്താ ഇപ്പോ ചെയ്യാ?' വലിയൊരു വഴക്കിനുള്ള സ്കോപ്പ് എത്ര ലാഘവത്തോടെയാണവർ ചിരിച്ചു തള്ളിയതെന്ന കൗതുകത്തോടെ കണ്ടിരുന്നു.

ആ സ്ത്രീ തിരിച്ചു പറയുന്നതു വകവെക്കാതെ എന്നെ ഒന്ന് നോക്കി നല്ലവണ്ണം ചിരിച്ചു.

"പാന്റൊക്കെ കണ്ടപ്പോ ചെക്കനാണെന്നാ തോന്ന്യേ... ജ്ജ് എങ്ങോട്ടാ?"

"നടവയൽ"

സ്ഥലപ്പേരു പറഞ്ഞപ്പോൾ അവർ എന്നെ ഒന്നു കൂടി നോക്കി. മുഖം ആകപ്പാടെ ഒന്നു വിടർന്നപോലെ... വല്ലാത്തൊരു സംശയത്തോടെ, "ജ്ജ്... ആ പൊഴേടെ അടുത്തുള്ള വീട്ടിലെ അല്ലെ? മ്മടെ ഓനച്ചൻ ചേട്ടന്റെ?"

സത്യം പറഞ്ഞാൽ എനിക്കാകെ അത്ഭുതമായി...

"അതെല്ലോ... ഉമ്മാക്കെങ്ങനെ മനസ്സിലായി?"

എന്റെ ചോദ്യം കേട്ടതും... ഉമ്മ ഒരു പൊട്ടിക്കരച്ചിൽ... ഞാൻ ഞെട്ടിപ്പോയി... അടുത്തു നിന്ന ചേച്ചിയും മുന്നിലിരുന്ന സ്ത്രീകളുമൊക്കെ തിരിഞ്ഞു നോക്കി. അവരുടെ നോട്ടത്തിൽ നിന്നൊഴിവാകാൻ ഉമ്മ തലയിലിട്ടിരിക്കണ തട്ടത്തിന്റെ തുമ്പെടുത്തു മുഖം മറച്ചു... എങ്കിലും വിമ്മി വിമ്മി കരയുന്നത് എനിക്കു കേൾക്കാമായിരുന്നു. കുറച്ച സമയത്തിനു ശേഷം കരച്ചിലടക്കി ഉമ്മ എന്റെ കയ്യിൽ പിടിച്ചു.

"പിന്നെ... ഓന്റെ മൊകം കണ്ടാൽ ഞമ്മക്ക് മറക്കാൻ പറ്റ്വോ? എത്ര കാലം കഴിഞ്ഞാലും മ്മടെ ഖൽബിൽ ഉണ്ടാവും ഓന്റെ മൊകം. മറക്കാൻ പാടൂലാ. അത്രക്ക് നല്ലോനാരുന്നു... അന്റെ മൊകോം നെറോം ഒക്കെ അതന്നാ... നീയ്യ് കുട്ടിയാരിക്കുമ്പൊ ഞങ്ങ പറയാരുന്നു... ഓനെ മുറിച്ചു വച്ചേക്കാന്നു..."

എന്റെ ശ്വാസമിടിപ്പ് ഇത്തിരി കൂടിയപോലെ... ഇത്ര വർഷങ്ങൾക്കു ശേഷവും... ഒളിമങ്ങാത്ത ഓർമ്മകൾ സൂക്ഷിക്കണമെങ്കിൽ... ഒന്നും മിണ്ടാതെ കേട്ടിരുന്നു.

"ഇന്നത്തെ വയനാടൊന്നും അല്ലാ, അന്നൊക്കെ വല്ല്യ പട്ടിണി ആരുന്നു... അന്റെ വീട്ടിൽ തെരുവ പുല്ല് അരിയലൊക്കെ ആരുന്നു നമ്മടെ പണി... ഇടയ്ക്കു പണി ഇല്ലാണ്ടാവും... അപ്പോ മാത്രം വേറെ ഏടേലും പോകും... ഒരീസം ഓൻ ബോംബെലോ പൂനെലോ എങ്ങോട്ടോ പോയി... ഏതോ മോട്ടറിന്റെ പണി പഠിക്കാനോ മറ്റോ... ഞമ്മക്കാണെ ഒരു പണീം ഇല്ലാ... എന്തേലും വാങ്ങാൻ കയ്യിലൊരു കായും ഇല്ലാ... ആകപ്പാടെ ബേജാറായി... എത്ര ദീസാ ഒന്നും കഴിക്കാണ്ടിരിക്ക... ഞാ ഒരാളെ പണിയെടുക്കാൻ ഉള്ളൂ. മക്കളൊക്കെ തീരെ പൊടിയാ...ആടെന്നും ഈടെന്നും ഒക്കെ കിട്ടണ കപ്പയൊക്കെ കഴിച്ച വിശപ്പടക്കി.

ഒരീസം ഉച്ചകഴിഞ്ഞ് ഞാൻ അങ്ങാടില് നിക്കുമ്പോ ഓനുണ്ട് ടില്ലർ ഓടിച്ച വരണു...

"എന്താ, ഉമ്മാ വിശേഷം...?"

മ്മടെ കണ്ണൊക്കെ നിറഞ്ഞു... "കൊറച്ച രൂപാ കടം തര്വോ? കുറച്ചദീസായിട്ട് പണി ഒന്നും ഇല്ലാ..."

ഓൻ ഒരു കടേൽ കേറി കുറച്ച അരീം സാമാനോം വാങ്ങി കയ്യിൽ തന്നു.

"വീട്ടിൽ കൊടുത്തിട്ട് വേഗം തിരികെ വാ, ഞാൻ ഒരു പണി തരാം"

"ഉച്ച തിരിഞ്ഞില്ലേ... ഇനീപ്പോ..." ഞമ്മക്ക് സംശയായി...

"ഉമ്മാ പോയിട്ട് വേഗം വാ... ഞാനിവിടെ നിക്കാം"

തിരിച്ച വന്നപ്പോ പറഞ്ഞു..."കേണിച്ചിറ വരെ പോകാം, കാപ്പി കുത്താനുണ്ട്. ഉമ്മേം വണ്ടീ കേറിക്കോ... പരിപ്പ് പാറ്റി തിരിക്കാൻ ആള് വേണം".

ഓൻ ആ ടില്ലറേല് ഏതാണ്ട് മോട്ടോര് പിടിപ്പിച്ചിട്ടുണ്ട്... അതിലിട്ടാ കാപ്പി കുത്തി കൊടുക്കണേ. തിരിച്ച നടവയലിൽ വന്നപ്പോ ഓൻ എനിക്ക് ഒരു മുഴുവൻ ദിവസത്തെ കൂലി തന്നു... ഞാൻ അത്രേം വേണ്ടാന്ന് പറഞ്ഞപ്പോ...

"ഉമ്മാ, പണി തരാതെ പണം തന്നാൽ അത് പിച്ചക്കാർക്ക് കൊടുക്കണ പോലെ ആകൂ... നിങ്ങക്കിപ്പോ ആരോഗ്യമുണ്ട്... അതോണ്ട് പണിയെടുത്തു തന്നെ ജീവിക്കണം... ഇപ്പൊ എടുത്ത പണിക്ക മാത്രം കൂലി തന്നാൽ നാളേം നിങ്ങള് പട്ടിണിയാകും"

"പിന്നെ നിങ്ങടെ ബൈബിളിലെ ഒരു കഥയും പറഞ്ഞു തന്നു... പല സമയത്ത് പണിയെടുക്കാൻ വന്നോർക്കും ഒരേ കൂലി കൊടുത്ത കഥ".

"ഓനും അങ്ങനാർന്നു... പക്ഷേങ്കി... പടച്ചോൻ കൊണ്ടുപോയില്ലേ നേരത്തെ... നല്ല മനിസന്മാരെയേ പടച്ചോന് വേണ്ടു..."

ഉമ്മയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ധാരയായി ഒഴുകി... വലിയൊരു മഴ പെയ്യണ പോലാ എനിക്ക് തോന്നിയത്. എന്റെ മനസ്സ് കല്ലാക്കി വെക്കാൻ ഒരുപാട്ട് പണിപ്പെട്ടു.

പിന്നെ കുറെ നേരം ഉമ്മ മിണ്ടാതിരുന്നു...

"അനക്കു ഓർമ്മയുണ്ടോ..." ഇല്ലായെന്ന് മെല്ലെ തല യാട്ടി.

"എങ്ങനെ ഓർക്കാനാ? നിയ്യോക്കെ അന്ന് തീരെ പൊടിയല്ലേ... ഞങ്ങ മുസ്ലിം പെണ്ണുങ്ങൾ മയ്യത്ത് അടക്കാൻ പോകില്ല... പക്ഷേങ്കി ഓന്റെ മയ്യത്തടക്കാൻ ഞാനും പോയി... ആദ്യായിട്ടും അവസാനായിട്ടും... അന്ന് ആ പള്ളിയിലെ അച്ചൻ പ്രസംഗത്തിൽ പറഞ്ഞത് നമ്മടെ നടവയലിന്റെ സിംഹം പോയീന്നാ... സത്യാ അത്... ഓനൊരു രാജാവാരുന്നു... ആർക്കും എന്തു സഹായോം ചെയ്യും. മോശം കണ്ടാൽ ചീത്ത പറയാൻ മടിക്കൂല. അപാര ചങ്കൊറപ്പ്. തോക്കൊക്കെ ഉണ്ടാരുന്നു... കാട്ടിൽ പോയി വെടിവച്ച കൊണ്ടുവരണത് എല്ലാർക്കും പകുത്തു കൊടുക്കും. ഉള്ളത് ഓണം പോലെ എന്നാ ഓന്റെ പറച്ചിൽ.

ഉമ്മ വീണ്ടും ഓർമ്മകളിലേക്ക്... കുറെ നേരം മിണ്ടാതിരുന്നു, പിന്നൊരു നെടുവീർപ്പോടെ, 'ഞാ ഓനെ ഇടക്കിടെ ഓർക്കും, അത്തരം മനിസന്മാരെ ഇനി കാണാൻ കിട്ട്വോ...? അമ്മയൊക്കെ സുഖല്ലേ? ഇന്നാള് കണ്ടപ്പോ മക്കളൊക്കെ നല്ല നെലേൽ എത്തീന്നു ഓള് പറഞ്ഞാരുന്നു... എങ്കിലും എളേ മോടെ സൂക്കേടും... ഒട്ടും ബേജാറ് വേണ്ടാ... പടച്ചോൻ കാത്തോളും... ഓന്റെ നന്മ അത് കണ്ടില്ലാന്നു വക്കാൻ പടച്ചോനാവ്വോ... ഇൻഷാ അള്ളാ..."

പിന്നെ ഉമ്മ കണ്ണടച്ചിരുന്നു.

"കേണിച്ചിറ... കേണിച്ചിറ..." കണ്ടക്ടർ വിളിച്ച കൂവുന്നു...

"ഉമ്മാ, കേണിച്ചിറ എത്തി..." അവരെ മെല്ലെ തട്ടി വിളിച്ചു.

അവർ മെല്ലെ എണീറ്റ്... എന്റെ കവിളത്തൊന്നു തലോടി, പിന്നെ തലയിൽ കൈ വച്ചു, "നല്ല മനിസന്മാരുടെ മക്കളായി ജനിക്കാനും ഭാഗ്യം വേണം... അവരേപ്പോലെ ആവേം വേണം. പടച്ചോൻ കാക്കട്ടെ"

ഒരു മരവിപ്പ് മനസ്സിലേക്ക് പടർന്നു കേറി... ഒന്നും മിണ്ടാനാവാത്ത അവസ്ഥ ആദ്യമായിട്ടല്ലാ... അറിവ് വച്ച നാൾ മുതൽ കേൾക്കുന്നതാണ്. അപ്പച്ചനെപ്പോലെ തന്നെയുള്ള മകൾ!

ഓരോ പ്രാവശ്യം വീട്ടിൽ പോകുമ്പോഴും ആരിൽ നിന്നെങ്കിലുമൊക്കെ അതു കേൾക്കും. ഈ കഴിഞ്ഞ തവണയും... പണ്ട് ഡ്രസ്സ് തയിച്ച തന്നിരുന്ന സെലിൻ ചേച്ചിയാണ്... ഞാനും അമ്മയും വീടിന്റെ തിണ്ണയിൽ നിക്കുമ്പോഴാണ് അവർ റോഡിലൂടെ...

"അപ്പന്റെ കോപ്പി അങ്ങനങ്ങ് എടുത്തു വച്ചേക്കുവല്ലേ...! ഇത്തിരി പൊക്കം കൂടി വേണ്ടീരുന്നു എന്നാപ്പിന്നെ... കോപ്പീന്നും പറയേണ്ടി വരൂലാ".

അഭിമാനം കൊണ്ടു നിറഞ്ഞ ഒരു പുഞ്ചിരി സമ്മാനിച്ചു...



എങ്കിലും മനസ്സിൽ വല്ലാത്തൊരു നീറ്റൽ ആണ്... പറഞ്ഞറിയിക്കാൻ അറിയില്ല... ഒരുപാട്ട് പ്രാവശ്യം ആലോചിച്ച നോക്കിയിട്ടുണ്ട്... പക്ഷെ... തിണ്ണയിലെ ചില്ലിട്ട ഫോട്ടോയിലെ മുഖം... ഒരിക്കലും കണ്ടതായി ഓർമ്മിച്ചെടുക്കാൻ ആവുന്നില്ല. ഒരു നാലര വയസ്സുകാരിയുടെ വികലമായ എന്തൊക്കെയോ തോന്നലുകൾ... അത്രമാത്രം. ആകപ്പാടെ ഉള്ള ഓർമ്മ... അത് പലപ്പോഴും എന്നെ ഭയപ്പെടുത്തുന്നു...

മൂക്കിൽ ഒളിപ്പിച്ച വച്ചിരിക്കുന്ന രണ്ടു പീസ് പഞ്ഞിയും... പിന്നെ കാലിന്റെ തള്ള വിരലുകൾ കൂട്ടി കെട്ടിയ വെളുത്ത തുണിയും...

□

(ചിത്രങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്).

## ആൻസി ജോൺ



വയനാട് നടവയലിൽ ജനനം. സോഫ്റ്റ്‌വെയർ എഞ്ചിനീയറായി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.